സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 173 2025 ഒക്ടോബർ 15 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കെനിയയുടെ മുൻ പ്രധാനമന്ത്രി റെയില ഒടുങ്കെ കൊച്ചിയിൽ അന്തരിച്ചു

കൊച്ചി: കെനിയയുടെ മുൻ പ്രധാന മന്ത്രി റെയില ഒടുങ്കെ (80) അന്തരിച്ചു. കുത്താട്ടുകുളത്ത് ചികിത്സയിലിരിക്കെയാണ് മരണം. പ്രഭാത നടത്തത്തിനിടെ ഹൃദയാഘാതം സംഭവിക്കുകയായിരുന്നു. ദിവസങ്ങൾക്ക് മുമ്പാണ് മകൾക്കും ബന്ധുക്കൾക്കുമൊപ്പം അദ്ദേഹം കുത്താട്ടുകുളത്തെത്തിയത്. കുത്താട്ടുകുളത്തെ ശ്രീധരീയം ആശുപത്രിയുമായി അദ്ദേഹത്തിന് ഏറെക്കാലമായി ബന്ധമുണ്ട്. മകളുടെ കണ്ണിന്റെ ചികിത്സയൊക്കെ ഇവിടെയായിരുന്നു നടത്തിയത്. മൃതദേഹം ദേവി മാത ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. കെനിയയിലേക്ക് കൊണ്ടുപോകുന്നതിനായുള്ള നടപടിക്രമങ്ങൾ ചെയ്തുവരികയാണ്.

പൊലീസ് അന്വേഷണത്തിൽ വീഴ്ചകളുണ്ട്; ദിവ്യ അടക്കമുള്ളവരുടെ ഫോൺ വിളികൾ പരിശോധിച്ചില്ല

പത്തനംതിട്ട: എൽ.ഡി.എഫ് സർക്കാറിനെയും സി.പി. എമ്മിനെയും പിടിച്ചു കുലുക്കിയ കണ്ണൂർ മുൻ എ.ഡി.എം കെ. നവീൻ ബാബുവിന്റെ മരണത്തിൽ ഒരു വർഷം പൂർത്തിയാകുമ്പോൾ പ്രതികരണവുമായി കുടുംബം. നവീൻ ബാബുവിന്റെ ആത്മഹത്യയിൽ തുടരന്വേഷണമാണ് ആവശ്യപ്പെട്ടതെന്ന് സഹോദരൻ പറഞ്ഞു.

എല്ലാ കാര്യങ്ങളും അന്വേഷിക്കുന്നുണ്ടെന്നാണ് പൊലീസ് ഹൈകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നത്. എന്നാൽ, കേസിന്റെ അഡീഷനൽ കുറ്റപത്രം സമർപ്പിച്ചപ്പോഴാണ് നിർണായക കാര്യങ്ങൾ അന്വേഷിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. അന്വേഷിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം മറച്ചുവെച്ചാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. അതിനാലാണ് 13 കാര്യങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചത്. ഇക്കാര്യങ്ങളിൽ വാദം കേട്ട ശേഷം കോടതി തീരുമാനമെടുക്കും.

നവീൻ ബാബുവിനെ പ്രശാന്ത് വിളിച്ചതിന്റെ കോളിന്റെ വിശദാംശങ്ങൾ ഇതുവരെ ഹാജരാക്കിയിട്ടില്ല. പി.പി. ദിവ്യയുടെയും കലക്ടറിന്റെയും ഓരോ ഫോൺ നമ്പറുകൾ മാത്രമാണ് പരിശോധിച്ചത്. ഇതെല്ലാം മറച്ചുവെച്ച് കുറ്റപത്രം സമർപ്പിച്ചതിൽ ദുരൂഹതയുണ്ട്. കാര്യക്ഷമമായ അന്വേഷണം നടത്തിയാൽ മാത്രമേ സത്യം പുറത്തുവരൂ. നീതി വളരെ അകലെയാണെന്ന തോന്നലാണ് കുടുംബത്തിനുള്ളത്.

ദിവ്യയുടെ ഭർത്താവ് അജിത്തിന്റെ ഫോൺ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല. 9-ാം തീയതി മുതൽ 14 വരെയുള്ള പ്രശാന്തിന്റെ നിർണായക ഫോൺ വിളികളുടെ വിശദാംശങ്ങൾ കാണാൻ കഴിയുന്നില്ല. കേസിൽ എല്ലാ നിയമവഴികളും തേടും. നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസ് കണ്ണൂർ സെഷൻസ് കോടതിയുടെ പരിധിയിലാണ്. ഡിസംബറിൽ കേസ് കോടതി പരിഗണിക്കുമെന്നും സഹോദരൻ വ്യക്തമാക്കി.

തന്റെ വേദനയും ദുഃഖവും സ്വകാര്യമായി സൂക്ഷിക്കാൻ ആഗ്രഹിക്കുന്നുവെന്ന് മഞ്ജുഷ പറഞ്ഞു. കേരളത്തിലെ മനുഷ്യത്വമുള്ളവർ ഞങ്ങൾക്കൊപ്പം നിന്നു. നേരിൽ കാണാനും ആശ്വസിപ്പിക്കാനും പുരോഹിതർ, സഹപ്രവർത്തകർ അടക്കം നിരവധി പേർ വരുന്നുണ്ട്. മാധ്യമങ്ങൾ വലിയ പിന്തുണ നൽകി. ദുഃഖത്തിൽ പങ്കുചേർന്നവരോട് നന്ദി പറയുന്നു.

ദുഃഖത്തിൽ കൂടെ നിന്നവരോട് മാത്രം നന്ദി പറയുന്നുവെന്നും കൂടെ നിൽക്കാത്തവരോട് ഒന്നും പറയാനില്ലെന്നും നവീൻ ബാബുവിന്റെ മകൾ മാധ്യമങ്ങളോട് വ്യക്തമാക്കി. ഒരിക്കലും പ്രതീക്ഷിക്കാത്ത അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കുടുംബത്തെ തെറ്റിക്കാനുള്ള ഒരുപാട് ശ്രമങ്ങൾ നടന്നിരുന്നു. ഇപ്പോൾ സൈബർ ആക്രമണങ്ങളില്ല. നീതി ലഭിക്കുമെന്ന വിശ്വാസത്തിലാണ് മുന്നോട്ടു പോകുന്നതെന്നും മകൾ കൂട്ടിച്ചേർത്തു.

വിരമിക്കാൻ ഏഴുമാസം മാത്രം ബാക്കിയിരിക്കെ ജന്മനാട്ടിലേക്ക് സ്ഥലംമാറ്റം കിട്ടിയ കണ്ണൂർ എ.ഡി.എം ആയിരുന്ന കെ. നവീൻ ബാബു താമസസ്ഥലത്ത് ജീവനൊടുക്കിയത്. സി.പി. എം കണ്ണൂർ ജില്ല കമ്മിറ്റി മുൻ അംഗവും ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റുമായ പി. പി. ദിവ്യക്കെതിരെ ആത്മഹത്യ പ്രേരണകുറ്റം ചുമത്തി കുറ്റപത്രം സമർപ്പിച്ചതല്ലാതെ ഗൂഢാലോചനയൊന്നും കാര്യമായി അന്വേഷിച്ചില്ലെന്നതാണ് പ്രധാന പരാതി. തുടരന്വേഷണം ആവശ്യപ്പെട്ട് നവീന്റെ ഭാര്യ കെ. മഞ്ജുഷ നൽകിയ ഹരജി തലശ്ശേരി സെഷൻസ് കോടതിയുടെ പരിഗണനയിലാണ്.

സ്ഥലംമാറിപ്പോകുന്നതിന് മുമ്പ് കഴിഞ്ഞവർഷം ഒക്ടോബർ 14ന് വൈകീട്ട് 4ന് കലക്ടറേറ്റിൽ നടന്ന യാത്രയയപ്പ് യോഗത്തിൽ ക്ഷണിക്കാതെ എത്തിയ പി.പി. ദിവ്യ നടത്തിയ പ്രസംഗമാണ് മരണത്തിലേക്ക് നയിച്ചതെന്നാണ് കുറ്റപത്രം. ജില്ലയിലെ പെട്രോൾ പമ്പിന്റെ എൻ.ഒ.സിക്ക് എ. ഡി. എം കൈക്കൂലി വാങ്ങിയെന്ന നിലക്കായിരുന്നു സഹപ്രവർത്തകർക്ക് മുമ്പിൽ ദിവ്യ നടത്തിയ ആ പ്രസംഗം. ഇതിൽ മനംനൊന്ത് ഒക്ടോബർ 15ന് രാവിലെ താമസസ്ഥലത്ത് എ.ഡി. എമ്മിനെ മരിച്ചനിലയിൽ കണ്ടതോടെ വൻ സമരങ്ങൾക്ക് കണ്ണൂർ വേദിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സി.പി. എം ജില്ലാ കമ്മിറ്റിയംഗം എന്നീ സ്ഥാനത്തുനിന്ന് ദിവ്യയെ നീക്കി.

എ.ഡി.എം കൈക്കൂലി വാങ്ങിയില്ലെന്നാണ് റവന്യൂ, വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയത്. പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച കുറ്റപത്രത്തിലും കൈക്കൂലിക്ക് തെളിവില്ല. പമ്പിന്റെ എൻ.ഒ.സിക്ക് കൈക്കൂലി വാങ്ങിയെന്ന് ആരോപിച്ച് പമ്പുടമ ടി.വി. പ്രശാന്തിന്റെ പേരിൽ മുഖ്യമന്ത്രിക്ക് നൽകിയ വ്യാജ കത്ത്, പമ്പുടമയുടെ ബിനാമി ഇടപാട് തുടങ്ങിയ കാര്യങ്ങളൊന്നും കാര്യമായി അന്വേഷിച്ചില്ല. ആത്മഹത്യയാണോ അല്ലയോ എന്നത് മാത്രമാണ് അന്വേഷിച്ചതെന്നാണ് ഇതിന് പൊലീസ് നൽകുന്ന മറുപടി.

നവീന്റേത് കൊലപാതകമെന്ന് ആരോപിച്ച് സുപ്രീംകോടതിയിൽ വരെ നൽകിയ ഹരജികൾ തള്ളിയതോടെയാണ് തുടരന്വേഷണം എന്ന നിലക്ക് വീണ്ടും കുടുംബം വിചാരണകോടതിയെ സമീപിച്ചത്. പ്രതി പി.പി. ദിവ്യയോട് ഡിസംബർ 16ന് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ബിഹാർ തിരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് ജൻ സുരാജ് പാർട്ടി അധ്യക്ഷൻ പ്രശാന്ത് കിഷോർ

പട്ന: നവംബറിൽ നടക്കാനിരിക്കുന്ന ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് ജൻ സുരാജ് പാർട്ടി സ്ഥാപകൻ പ്രശാന്ത് കിഷോർ പ്രഖ്യാപിച്ചു. തന്റെ പാർട്ടിയുടെ വലിയ നന്മയ്ക്കായിട്ടാണ് ഇത്തരത്തിലൊരുതീരുമാനം എടുത്തതെന്ന് അദ്ദേഹം പറഞ്ഞു.

താൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയാണെങ്കിൽ, അത് തന്റെ ജന്മനാടായ കർഗഹാറിൽ നിന്നോ അല്ലെങ്കിൽ ആർജെഡിയുടെ ശക്തികേന്ദ്രമായ രഘോപുരിൽ നിന്നോ ആയിരിക്കുമെന്ന് കിഷോർ നേരത്തെ പറഞ്ഞിരുന്നു. ജൻ സുരാജ് പാർട്ടിയുടെ ആദ്യ പട്ടികയിൽ, കർഗഹാറിൽ നിന്ന് രിതേഷ് രഞ്ജനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. രഘോപുർ നിയമസഭാ സീറ്റിൽ ചഞ്ചൽ സിംഗിനെ സ്ഥാനാർത്ഥിയായി കഴിഞ്ഞ രാത്രിയിൽ പ്രഖ്യാപിക്കുകയും ചെയ്തു.

രഘോപുർ, തേജസ്വി യാദവ് പ്രതിനിധീകരിക്കുന്ന ആർജെഡിയുടെ ശക്തികേന്ദ്രമാണ്, അവിടെ മത്സരിക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ കിഷോറിന് കടുത്ത പോരാട്ടം നേരിടേണ്ടി വരുമായിരുന്നു. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് പ്രശാന്ത് കിഷോറിനെ ഒരു മണ്ഡലത്തിൽ തളച്ചിടുകയും പാർട്ടിയുടെ പ്രചാരണത്തെ ബാധിക്കുകയും ചെയ്യുമെന്ന വിലയിരുത്തലിലാണ് മാറി നിൽക്കുന്നതെന്നും ജൻ സുരാജ് പാർട്ടി വ്യക്തമാക്കി.

'ഞാൻ സംഘടനാ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും മത്സരിക്കേണ്ടെന്നും ജൻ സൂരജ് തീരുമാനിച്ചു' പ്രശാന്ത് കിഷോർ പറഞ്ഞു. 150 സീറ്റിൽ കുറഞ്ഞതെന്തും പാർട്ടി പരാജയമായി കണക്കാക്കുമെന്നും അദ്ദേഹം അവകാശപ്പെട്ടു.

ബിഹാറിൽ ഭരണകക്ഷിയായ എൻഡിഎയ്ക്ക് പരാജയം ഉറപ്പാണെന്നും കിഷോർ പറഞ്ഞു. നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള ജെഡിയു 25 സീറ്റുകൾ പോലും നേടാൻ പാടുപെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'എൻഡിഎ തീർച്ചയായും പുറത്തേക്കുള്ള വഴിയിലാണ്, നിതീഷ് കുമാർ മുഖ്യമന്ത്രിയായി തിരിച്ചുവരില്ല' ജൻ സുരാജ് അധ്യക്ഷൻ പറഞ്ഞു.

'ജെഡിയുവിനെ കാത്തിരിക്കുന്നത് എന്താണെന്ന് മനസ്സിലാക്കാൻ നിങ്ങൾ ഒരു തിരഞ്ഞെടുപ്പ് വിശകലന വിദഗ്ദ്ധനാകേണ്ടതില്ല. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രഖ്യാപനത്തിന് ദിവസങ്ങൾക്ക് മുൻപ് ചിരാഗ് പാസ്വാൻ ഒരു കലാപം നടത്തി, കുമാറിന്റെ പാർട്ടിയുടെ സ്ഥാനാർത്ഥികൾക്കെതിരെ സ്ഥാനാർത്ഥികളെ നിർത്തി, അവരിൽ പലരും അപ്രസക്തരായിരുന്നു. ഇത് അവരുടെ സീറ്റുകളുടെ എണ്ണം 43 ആയി കുറയാൻ കാരണമായി.

ഇന്ത്യാ മുന്നണിയിലും സ്ഥിതി വ്യത്യസ്തമല്ല. ആർജെഡിയും കോൺഗ്രസും തമ്മിൽ ഒരിക്കലും അവസാനിക്കാത്ത തർക്കമുണ്ട്.

മുകേഷ് സഹാനിയുടെ വികാസ്ശീൽ ഇൻസാൻ പാർട്ടി ഇപ്പോഴും അവരുടെ പക്ഷത്തുണ്ടോ എന്ന് ആർക്കും അറിയില്ല' പ്രശാന്ത് കിഷോർ കൂട്ടിച്ചേർത്തു.

വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു

തിരു: പുതുക്കുറിച്ചിയിൽ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. പുതുകുറിച്ചി സ്വദേശ കുമാർ (45) ആണ് മരിച്ചത്. അവശനായ കുമാറിനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇന്ന് രാവിലെ ആറു മണിയോടെ മത്സ്യബന്ധനത്തിന് പുറപ്പെട്ട സംഘമാണ് അപകടത്തിൽപ്പെട്ടത്. ആറ് പേരാണ് വള്ളത്തിലുണ്ടായിരുന്നത്. മറ്റാർക്കും പരിക്കില്ല. മൃതദേഹം മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി.

പഹൽഗാമിന് സമാനമായ ആക്രമണങ്ങൾക്ക് ശ്രമം; മുന്നറിയിപ്പുമായി സൈന്യം

ശ്രീനഗർ: പഹൽഗാം ഭീകരാക്രമണത്തിന് സമാനമായി ഇന്ത്യയിൽ ഇനിയും ആക്രമണങ്ങൾ നടത്താൻ പാക്കിസ്ഥാൻ ശ്രമിക്കുമെന്ന് വെസ്റ്റേൺ ആർമി കമാൻഡർ ലെഫ്റ്റനന്റ് ജനറൽ മനോജ് കുമാർ കടിയാർ. വീണ്ടുമൊരു ഓപ്പറേഷൻ സിന്ദൂർ നടന്നാൽ അത് മാരകമായിരിക്കുമെന്നും അദ്ദേഹം പാക്കിസ്ഥാന് മുന്നറിയിപ്പ് നൽകി. ഇന്ത്യയുമായി നേരിട്ടുള്ള ഏറ്റുമുട്ടാൻ പാക്കിസ്ഥാന് ശേഷിയില്ലെന്നും അതിനാൽ പഹൽഗാമിന് സമാനമായ ആക്രമണങ്ങൾക്ക് ശ്രമിച്ചേക്കാം എന്നുമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

'ഓപ്പറേഷൻ സിന്ദൂരിൽ ഇന്ത്യ പാക്കിസ്ഥാന് കനത്ത നാശനഷ്ടം ഉണ്ടാക്കി. പോസ്റ്റുകളും വിമാനത്തവളങ്ങളും നശിപ്പിച്ചു. വീണ്ടും ആക്രമണത്തിന് ശ്രമിച്ചേക്കാമെന്നതിനാൽ തയ്യാറായിരിക്കണം. പാക്കിസ്ഥാൻ വീണ്ടും ആക്രമണത്തിന് ശ്രമിച്ചാൽ തിരിച്ചടി മുൻ ആക്രമണങ്ങളേക്കാൾ വിനാശകരമായിരിക്കും' അദ്ദേഹം പറഞ്ഞു.

പഹൽഗാം ആക്രമണത്തിന് ശേഷം നിയന്ത്രണ രേഖയിൽ ഇന്ത്യ നടത്തിയ തിരിച്ചടിയിൽ നൂറിലധികം പാക്കിസ്ഥാൻ സൈനികരാണ് കൊല്ലപ്പെട്ടതെന്ന് ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻസ് ലഫ്റ്റനന്റ് ജനറൽ രാജീവ് ഘായി പറഞ്ഞു. ധീരജവാൻമാർക്ക് പാകിസ്ഥാൻ ഓഗസ്റ്റ് 14 ന് പ്രഖ്യാപിച്ച മെഡിൽ പട്ടികയിൽ മരിച്ചവരുടെ എണ്ണം കൂടുതലാണ്. ഇത് പരിശോധിച്ചാൽ നൂറിലധികം ജവാന്മാർ നിയന്ത്രണ രേഖയിൽ കൊല്ലപ്പെട്ടന്ന് വ്യക്തമാണ്.

പാക്കിസ്ഥാൻ എയർഫീൽഡുകളിൽ ഇന്ത്യ നടത്തിയ ആക്രമണത്തിൽ ആറോ ഏഴോ വിമാനങ്ങൾ തർന്നിരുന്നു. ഇതിനുപുറമേ ആകാശത്ത് വെച്ചും 6 വിമാനങ്ങളും തകർത്തിരുന്നു. മൂന്ന് വ്യത്യസ്ത ഇടങ്ങളിൽ നടത്തിയ ആക്രമണത്തിൽ ഹാങ്ങറിലുണ്ടായിരുന്ന പാക്കിസ്ഥാന്റെ സി-130 വിമാനത്തിനും എഫ്-16 പോലുള്ള 4-5 യുദ്ധവിമാനങ്ങവും കേടുപാടുകൾ ഉണ്ടായി.

സിഗ്നൽ ഇന്റലിജൻസ് എയർക്രാഫ്റ്റിനും ജെഎഫ്-17, എഫ് 16 പോലുള്ള അഡ്വാൻസ്ഡ് യുദ്ധവിമാനങ്ങളും തകർത്തതായും അദ്ദേഹം പറഞ്ഞു.

രഹസ്യരേഖകൾ കൈക്കലാക്കി, ചൈനാ ബന്ധം; ഇന്ത്യയെ രൂക്ഷമായി വിമർശിച്ച ഇന്ത്യൻ വംശജനായ യുഎസ് നയതന്ത്രജ്ഞൻ അറസ്റ്റിൽ

വാഷിംഗ്ടൺ: ചൈനാ ബന്ധം ആരോപിച്ച് ഇന്ത്യൻ വംശജനായ നയതന്ത്ര വിദഗ്ദ്ധൻ യുഎസിൽ അറസ്റ്റിൽ. യുഎസ് ഗവേഷകൻ ആഷ്ലി ടെല്ലിസ് ആണ് അമേരിക്കയുടെ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ സൂക്ഷിച്ചതിനും ചൈനീസ് ഉദ്യോഗസ്ഥരെ സന്ദർശിച്ചതിനും അറസ്റ്റിലായത്. റോമിലേയ്ക്ക് പറക്കാനിരിക്കെ ഒക്ടോബർ 11നാണ് ആഷ്ലി അറസ്റ്റിലായത്.

64കാരനായ ആഷ്ലിയുടെ അറസ്റ്റ് വിവരം വിർജീനിയയുടെ കിഴക്കൻ ജില്ലയുടെ യുഎസ് അറ്റോർണി ലിൻഡ്സെ ഹാലിഗൻ ആണ് പുറത്തുവിട്ടത്. 'അന്തർദേശീയ, ആഭ്യന്തര ഭീഷണികളിൽ നിന്ന് അമേരിക്കൻ ജനതയെ സംരക്ഷിക്കുന്നതിൽ സർക്കാർ വലിയ ശ്രദ്ധനൽകുന്നു. പൗരന്മാരുടെ സുരക്ഷയെ ബാധിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടാണ് അറസ്റ്റ്. കേസിലെ വസ്തുതകളും നിയമങ്ങളുമെല്ലാം വ്യക്തമാണ്. നീതി പുലർത്താൻ വേണ്ടതെല്ലാം ചെയ്യും'- ഹാലിഗൻ വ്യക്തമാക്കി. കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ പത്ത് വർഷത്തെ തടവും 250,000 ഡോളർ പിഴയുമായിരിക്കും ടെല്ലിസിന് ലഭിക്കുകയെന്ന് അറ്റോർണിയുടെ ഓഫീസ് അറിയിച്ചു.

രണ്ട് ദശാബ്ദത്തിലധികം യുഎസ് സർക്കാരിന്റെ ഉപദേഷ്ടാവായി ശമ്പളമില്ലാതെ പ്രവർത്തിച്ചയാളാണ് ടെല്ലിസ്. സ്വവസതിയിൽ ഇദ്ദേഹം ആയിരത്തിലധികം പേജുകളുള്ള അതീവരഹസ്യ വിവരങ്ങൾ സൂക്ഷിച്ചുവെന്നാണ് കണ്ടെത്തൽ. സെപ്തംബർ 25ന് യുഎസ് വ്യോമസേനയുടെ ആസ്ഥാന കേന്ദ്രത്തിൽ പ്രവേശിച്ച അദ്ദേഹം രഹസ്യ രേഖകൾ പകർത്തിയെടുത്തെന്ന കുറ്റമാണ് ചുമത്തിയിരിക്കുന്നത്. വിർജീനിയയിലുള്ള റെസ്റ്റോറന്റിൽ വച്ച് പലതവണ അദ്ദേഹം ചൈനീസ് ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിയെന്നും അറ്റോർണി ഓഫീസ് വ്യക്തമാക്കി. ഇന്ത്യയിൽ നിന്നുള്ള യുഎസ് പൗരനായ ടെല്ലിസ്, കാർണഗീ എൻഡോവ്മെന്റ് ഫോർ ഇന്റർനാഷണൽ പീസിലെ സീനിയർ ഫെലോ ആണ്.

ഒമ്പതാം ക്ലാസുകാരി പ്രസവിച്ചു; അമ്മയുടെ സുഹൃത്ത് പിടിയിൽ

കൊല്ലം: ഒമ്പതാം ക്ലാസുകാരി പ്രസവിച്ചു. അമ്മയുടെ കൂടെ താമസിക്കുന്നയാളാണ് കുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയത്. ഇയാളെ പൊലീസ് പിടികൂടി. കുട്ടിയെ ബന്ധുക്കൾ തിരുവനന്തപുരത്തെ സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് പ്രവേശിപ്പിച്ചിരുന്നത്. ആശുപത്രിയിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പൊലീസ് കേസെടുത്തു.

കണ്ണൂർ സ്വദേശിയായ പ്രതി വാഗമണ്ണിലെ ഒരു ഹോട്ടലിലെ ജീവനക്കാരനാണ്. കുട്ടിയുടെ അമ്മയുടെ ആദ്യ ഭർത്താവ് മരിച്ച ശേഷം, രണ്ടാമത് വിവാഹം കഴിച്ച ബന്ധത്തിലാണ് ഈ പെൺകുട്ടി ജനിച്ചത്. തുടർന്ന് രണ്ടാം ഭർത്താവും മരിച്ചതോടെ, കഴിഞ്ഞ രണ്ട് വർഷമായി പ്രതി പെൺകുട്ടിയുടെ അമ്മയ്ക്കൊപ്പമാണ് താമസം.

കുട്ടിയുടെ അമ്മ ഒരു ഹോം നഴ്സായി ജോലി ചെയ്യുന്നതിനാൽ മിക്ക ദിവസങ്ങളിലും വീട്ടിലുണ്ടാകാറില്ല. ഈ അവസരം മുതലെടുത്താണ് പ്രതി പെൺകുട്ടിയെ നിരന്തരം പീഡിപ്പിച്ചത്. വാഗമണ്ണിൽ നിന്ന് പിടിയിലായ പ്രതിയെ കടയ്ക്കൽ പോലീസിന് കൈമാറും.

ശിരോവസ്ത്ര നയത്തിൽ മാറ്റമില്ല'; വിദ്യാഭ്യാസ മന്ത്രിയെ തള്ളി പിടിഎ പ്രസിഡന്റ്

കൊച്ചി: പള്ളുരുത്തി സെയ്ന്റ് റീത്താസ് പബ്ലിക് സ്കൂളിലെ ശിരോവസ്ത്ര തർക്കത്തിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയെ തള്ളി പിടിഎ പ്രസിഡന്റ് ജോഷി. ശിരോവസ്ത്രം അനുവദിക്കില്ലെന്ന സ്കൂളിന്റെ നയത്തിൽ മാറ്റമില്ലെന്നും നിയമം എല്ലാവർക്കും ബാധകമാണെന്നും പിടിഎ പ്രസിഡന്റ് കൈതവളപ്പിൽ പറഞ്ഞു.

വിദ്യാർത്ഥിനിയെ ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കാത്തത് ഗുരുതര വീഴ്ചയാണെന്നും ഭരണഘടന ഉറപ്പു നൽകുന്ന മതാചാര സ്വാതന്ത്ര്യത്തിന് വിരുദ്ധവുമാണെന്ന് മന്ത്രി ശിവൻകുട്ടി പറഞ്ഞിരുന്നു. മതവിശ്വാസത്തിന്റെ ഭാഗമായി ശിരോവസ്ത്രം ധരിച്ച് തുടർപഠനം നടത്താൻ കുട്ടിയെ അനുവദിക്കണം. ശിരോവസ്ത്രത്തിന്റെ നിറവും ഡിസൈനും സ്കൂൾ അധികൃതർക്ക് തീരുമാനിക്കാമെന്നും മന്ത്രി വ്യക്തമാക്കി.

ഇതുസംബന്ധിച്ച് സ്കൂൾ മാനേജറും പ്രിൻസിപ്പലും ഇന്ന് റിപ്പോർട്ട് നൽകാനും വിദ്യാഭ്യാസ മന്ത്രി നിർദേശിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് പിടിഎ പ്രസിഡന്റ് രംഗത്തെത്തിയിരിക്കുന്നത്. കുട്ടിയുടെ അവകാശലംഘനത്തേക്കാളുപരി സ്ഥാപനത്തിന് അവകാശമുണ്ട്. 2018ൽ ഇതുസംബന്ധിച്ച് ഹൈക്കോടതി വിധിയുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രശ്നം പരിശോധിക്കപ്പെടേണ്ടത്. കുട്ടിയ്ക്ക് സ്കൂളിന്റെ നിയമത്തിനനുസരിച്ച് പഠനം തുടരാം. മന്ത്രിക്ക് റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച് തങ്ങൾക്ക് വിവരമൊന്നും ലഭിച്ചിട്ടില്ലെന്നും പിടിഎ പ്രസിഡന്റ് കൂട്ടിച്ചേർത്തു.

ബാബു എം പാലിശ്ശേരിയുടെ സംസ്കാരം ഇന്ന് കൊരട്ടിക്കരയിലെ വീട്ടുവളപ്പിൽ

കുന്നംകുളം: ബാബു എം പാലിശ്ശേരിക്ക് വിട. അന്തരിച്ച കുന്നംകുളം മുൻ എംഎൽഎയും സിപിഎം നേതാവുമായ ബാബു എം പാലിശ്ശേരിയുടെ സംസ്കാരം ഇന്ന് ഉച്ച തിരിഞ്ഞ് രണ്ട് മണിക്ക് കുന്നംകുളം കൊരട്ടിക്കരയിലെ വീട്ടുവളപ്പിൽ. പൊലീസ് ബഹുമതികളോടെയാണ് സംസ്കാരം നടക്കുക. പാർക്കിൻസൺസ് രോഗബാധിതനായി ചികിത്സയിലിരിക്കെ ഇന്നലെയാണ് മരണം സംഭവിച്ചത്. പാലിശ്ശേരിയുടെ ആഗ്രഹപ്രകാരം കണ്ണുകൾ ദാനം ചെയ്ത ശേഷമാണ് മൃതദേഹം സിപിഐഎം കുന്നംകുളം ഏരിയ കമ്മിറ്റി ഓഫീസിൽ എത്തിച്ചത്. പൊതുദർശനം പൂർത്തിയാക്കി ഇന്നലെ യാത്രിയോടെ കൊരട്ടിക്കരയിലെ വീട്ടിൽ എത്തിച്ചു.

കോടതി പരസ്യം

ബഹു. പട്ടാമ്പി മുൻസിഫ് കോടതി മുമ്പാകെ

OS: 14/2020

സുമതി മുതൽപേർ

-അന്യായം

രത്നമണി, മനയിൽ ഹൗസ്, ചെമ്മണ്ണൂർ പി ഒ., തൃശൂർ ജില്ല-680517

-സപ്ലിമെന്റ് 3-ാം പ്രതി ഭാഗിക്കാൻ ബോധിപ്പിച്ച മേൽ നമ്പർ വ്യവഹാരത്തിൽ സപ്ലിമെന്റ് 3-ാം പ്രതിക്കുള്ള കല്പന പതിച്ചു നടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് 28-10-2025 തിയ്യതിയിലേക്ക് വെച്ചിട്ടുണ്ട്. ആയതിൽ ടി പ്രതിക്കൊ മറ്റൊ വല്ല ആക്ഷേപവുമുണ്ടെങ്കിൽ പ്രസ്തുത തിയ്യതിക്ക് നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം സപ്ലിമെന്റ് 3-ാം പ്രതിയെ എക്സ് പാർട്ടിയായി കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 15-10-2025

അന്യായഭാഗം അഡ്വക്കേറ്റ്

വി പി മനോജ്കുമാർ

പട്ടാമ്പി (ഒപ്പ്)

'ബാലനെ പോലെ മാറാൻ എനിക്കാകില്ല, പൈസ ഉണ്ടാക്കിയിട്ടില്ല, ബിജെപിയിലേക്കെന്ന് പ്രചരിപ്പിച്ചത് സജി ചെറിയാൻ'

ആലപ്പുഴ: മന്ത്രി സജി ചെറിയാനും എ.കെ.ബാലനും അടക്കമുള്ള സിപിഎം നേതാക്കൾക്കെതിരെ തുറന്നടിച്ച് മുതിർന്ന പാർട്ടി നേതാവ് ജി.സുധാകരൻ. പാർട്ടിക്കുവേണ്ടി പ്രവർത്തിച്ച മുതിർന്ന നേതാക്കളുടെ അച്ഛനും അമ്മയ്ക്കും അടക്കം ഫെയ്സ്ബുക്കിൽ വന്ന് തെറി പറയുമ്പോൾ അതിനോട് പ്രതികരിക്കാതെ തന്നെ ഉപദേശിക്കാനാണ് സജി ചെറിയാനും എ.കെ.ബാലനും ശ്രമിച്ചതെന്ന് സുധാകരൻ പറഞ്ഞു.

'ആലപ്പുഴയിൽ നടക്കുന്ന'വളരെ നിക്യഷ്ടവും മ്ളേച്ഛവും മാർക്സിസ്റ്റ് വിരുദ്ധവുമായ ഈ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലൈബ്രറി കൗൺസിൽ നേതൃസംഗമം

തൃശൂർ: തൃശൂർ ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ നേതൃസംഗമം ഒക്ടോബർ 16 വ്യാഴം ഉച്ചക്ക് 2 മണിക്ക് തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ ഹാളിൽ നടക്കും. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രസിഡണ്ട് ഡോ. ധർമ്മരാജ് അടാട്ട് ഉൽഘാടനം ചെയ്യും.

സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സി. കമ്മറ്റി അംഗം വി.കെ. ഹാരി ഫാബി മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കും.

ജില്ലയിലെ ഗ്രന്ഥാലോകം ക്യാമ്പയിൻ, വീട്ടുറ്റ സദസ്സ്, വായന വസന്തം, ലൈബ്രറി സെസ്, പബ്ലിക്ക് സോഫ്റ്റ് വെയർ തുടങ്ങിയ കാര്യങ്ങൾ വിജയിപ്പിക്കുന്നതിന് ചേരുന്ന നേതൃസംഗമത്തിൽ ജില്ലയിൽ നിന്നുള്ള സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗങ്ങൾ, ജില്ല ലൈബ്രറി കൗൺസിൽ അംഗങ്ങൾ, താലൂക്ക് എക്സി. കമ്മറ്റി അംഗങ്ങൾ, പഞ്ചായത്ത് - മേഖല നേതൃ സമിതി കൺവീനർമാർ ആണ് പങ്കെടുക്കുക.

നിപ്മർ കോഴ്സുകൾ: തീയതി നീട്ടി

തൃശൂർ: നിപ്മറിലെ ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി.

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ കെയർ ഗിവിങ് എന്നീ കോഴ്സുകളുടെ അപേക്ഷാ തീയതിയാണ് നീട്ടിയത്.

രണ്ടു വർഷത്തെ സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ കോഴ്സിന് ചേരാനുള്ള അടിസ്ഥാനയോഗ്യത പ്ലസ്ടു 50ശതമാനം മാർക്ക് നേടി വിജയിച്ചിരിക്കണം. കെയർഗിവിങ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ അടിസ്ഥാനയോഗ്യത പത്താം തരമാണ്. താല്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം ഒക്ടോബർ 17 ന് മുൻപ് നിപ്മറിൽ നേരിട്ട് ഹാജരാകണം. 9288008994

ഇരിഞ്ഞാലക്കുട കൃഷിഭവൻ അറിയിപ്പ്

ഇരിഞ്ഞാലക്കുട നഗരസഭ ജനകീയാസൂത്രണം 2025-26 കവുങ്ങ് കൃഷി വികസനം

1. കവുങ്ങിൻ തൈ വിതരണം (75% സബ്സിഡി)
2. സ്യൂഡോമോണസ് വിതരണം (75% സബ്സിഡി) പദ്ധതിയിലേക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

സമർപ്പിക്കേണ്ട രേഖകൾ

പൂരിപ്പിച്ച അപേക്ഷ (മാതൃക താഴെ നൽകിയിരിക്കുന്നു) 2025-26 വർഷത്തെ ഭൂനികുതി രസീത്-പകർപ്പ് ആധാർ കാർഡിന്റെ പകർപ്പ് അപേക്ഷ നൽകേണ്ട അവസാന തീയതി 2025 ഒക്ടോബർ 25.

ഗതാഗത നിയന്ത്രണം

കുന്നംകുളം: ചാവക്കാട് നക്കോല റോഡിൽ ടാറിംഗ് പ്രവൃത്തി നടക്കുന്നതിനാൽ ന്നുമുതൽ രണ്ട് ദിവസത്തേക്ക് ഈ റോഡിലൂടെയുള്ള ഗതാഗതം പൂർണമായും നിരോധിക്കുമെന്ന് ചാവക്കാട് പൊതുമരാമത്ത് (നിരത്ത് വിഭാഗം) അസിസ്റ്റൻറ് എഞ്ചിനിയർ അറിയിച്ചു.

നിര്യാതനായി ജയശങ്കർ



പെരിങ്ങോട്ടുകര: തിരുവാണിക്കാവ് ഭദ്രകാളി ക്ഷേത്രത്തിനു സമീപം എടമുള ജയശങ്കർ(53) അന്തരിച്ചു. പരേതനായ ഉണ്ണികൃഷ്ണൻ നായരുടെ മകനാണ്. പെരിങ്ങോട്ടുകര ദേവാ സിനിമാസ് മാനേജർ ആയിരുന്നു. സംസ്കാരം ഇന്ന് ഉച്ചക്ക് 2 .30ന് തൃശ്ശൂർ പാറമേക്കാവ് ശാന്തി ഘട്ടിൽ. ഭാര്യ: ശ്രീജ, മക്കൾ: ആരതി (ദുബായ്), ആർദ്ര, മരുമകൻ: അംബരീഷ് (ദുബായ്)

പോരാട്ട പാതയിലെ പാലിശ്ശേരി

രാഷ്ട്രീയ പോരാട്ട പാതയിൽ എതിരാളികളോടു പോലും പൂർണ്ണ സൗഹൃദം പുലർത്തിയ ജന നേതാവായിരുന്നു നമ്മെ വിട്ടുപിരിഞ്ഞ ബാബു എം. പാലിശ്ശേരി എന്ന കുന്നംകുളത്തിന്റെ വികസന നായകൻ.

കുന്നംകുളം എം.എൽ.എ. എന്ന നിലയിൽ നിയമസഭ വേദി ഉപയോഗപ്പെടുത്തി അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്. സഭാ വേദിയിൽ പാലിശ്ശേരി ചെയ്ത പ്രസംഗങ്ങൾ കേവലം മണ്ഡലാവശ്യങ്ങളേക്കാളേറെ കേരള വികസനത്തിന് വ്യക്തമായ ദിശാബോധം പകരുന്നതായിരുന്നു.

കൊരട്ടിക്കരയിലെ ചെറു കർഷകകുടുംബാംഗമാണ് ബാബു. സമൂഹത്തിലെ വകതിരുവുകൾ കണ്ട് ശരിയുടെ പാതയിലേക്ക് സമൂഹത്തെ മാറ്റണമെന്ന കാഴ്ചപ്പാടാണ് അദേഹത്തെ ജനപക്ഷ ഇടപെടലിന് പ്രേരിപ്പിച്ചതും, ജനനേതാവാക്കി മാറ്റിയതും.

അനീതികൾക്കെതിരെ എല്ലായ്പ്പോഴും ഒറ്റയാൻ പോരാട്ടം പോലും നടത്താൻ തയ്യാറായിട്ടു അദേഹത്തിന്റെ നേതൃപാടവം കാലം വിസ്മരിക്കില്ല.

തൃശൂർ ജില്ലയിലെ സി.പി.ഐ. എം. പ്രസ്ഥാനത്തിന്റെ പോരാളിയെയാണ് ബാബു എം. പാലിശ്ശേരിയുടെ വിയോഗത്തിലൂടെ നഷ്ടമായത്. 2005 - 2010 കാലങ്ങളിൽ രണ്ട് തവണ കുന്നംകുളം നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്നു. കുന്നംകുളം താലൂക്ക് അനുവദിച്ച് പ്രാരംഭ നടപടി ഉണ്ടായത് പാലിശ്ശേരിയുടെ കാലത്തായിരുന്നു. സിനിയർ ഗ്രൗണ്ട്, ജവഹർ സ്കയർ ബാസ്ക്കറ്റ്ബോൾ കോർട്ട് എന്നിവയുടെ നവീകരണപദ്ധതികൾക്ക് തുടക്കമിട്ടത് പാലിശ്ശേരിയായിരുന്നു. 2010ൽ നഗരമദ്ധ്യത്തിലെ എം.എൽ. എ. ഓഫീസിൽ സംസ്ഥാനത്ത് ആദ്യമായി എം.എൽ.എ. വെബ്സൈറ്റ് ആരംഭിച്ചതും അദ്ദേഹമായിരുന്നു. ഗവ: ആസ്പത്രി വികസനത്തിലും വലിയ പങ്ക് വഹിച്ചു.

വിദ്യാർത്ഥി യുവജന രംഗത്തും സജീവമായിരുന്നു. ബാബു എന്നാണ് പേരെങ്കിലും പാലിശ്ശേരി എന്നായിരുന്നു ആളുകൾ വിളിച്ചിരുന്നത്. ഡി.വൈ.എഫ്. ഐ. ജില്ലാ സെക്രട്ടറിയായിരുന്ന സമയം പുഴക്കലിൽ ഒരു സ്വകാര്യ ഏജൻസി സ്ത്രീ സൗന്ദര്യ മത്സരത്തിനെതിരായി നടത്തിയ സമരത്തിൽ കടുത്ത പോലീസ് മർദനം ഏറ്റിരുന്ന പാലിശ്ശേരി നിരവധി സമര രംഗങ്ങളിലെ തീപാറും വ്യക്തിത്വമായിരുന്നു അതുകൊണ്ടു തന്നെ പാർട്ടിയുടെ ഉന്നത നേതൃത്വത്തിലുള്ള നിരവധി വ്യക്തികളുമായി ഉറ്റ ബന്ധമാണുണ്ടായിരുന്നു.അതിന്റെ പ്രതിഫലനമായിരുന്നു രോഗ ബാധിതനായി കിടപ്പിലായപ്പോൾ പലതവണ പാർട്ടി നേതാക്കൾ സന്ദർശിച്ചിരുന്നത്. രാഷ്ട്രീയത്തിന്നപ്പുറം വലിയൊരു സൗഹൃദ വലയത്തിന്റെ ഉടമ കൂടിയായിരുന്നു ബാബു .

മികച്ച സാംസ്കാരികപ്രവർത്തകനായിരുന്ന ബാബു ഒന്നാം ലൈബ്രറി കൗൺസിൽ സംസ്ഥാന കമ്മറ്റി അംഗമായിരുന്നു. തൃശൂർ ജില്ലാലൈബ്രറി കൗൺസിലിന്റെ മൂന്നു വർഷം പ്രസിഡണ്ടായിരുന്നു. നല്ല വായനക്കാരൻ കൂടിയായിരുന്നു അദ്ദേഹം. മാക്സിം ഗോർക്കിയുടെ അമ്മ - നോവൽ സംസ്ഥാന തലത്തിൽ നാടകാവതരണം ഒരുക്കിയപ്പോൾ അഭിനേതാവു കൂടിയായിരുന്നു പാലിശ്ശേരി. എം.എൽ.എ. ആയിരുന്ന സമയം ഏതാനും ചലച്ചിത്രങ്ങളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

പാലിശ്ശേരി എം.എൽ.എ. ആയ സമയം - വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാ ർത്ഥികളെ വീടുകളിലെത്തി അഭിനന്ദിക്കുന്ന പരിപാടി സംസ്ഥാന തലത്തിൽ തന്നെ ഏറെ പ്രശംസ പിടിച്ചു പറ്റിയ ഒന്നായിരുന്നു. എം.എൽ. എ. എന്ന നിലയിൽ പല പരിപാടി കളിലും ആളും ആരവവും നോക്കാതെ തന്നെ പാലിശ്ശേരി പങ്കെടുത്തിരുന്നു. ആ പ്രത്യേകത മൂലവും വലിയ സൗഹൃദം അദ്ദേഹം രൂപപ്പെടുത്തി. കേരള കലാമണ്ഡലം നിർവാഹക സമിതി അംഗം എന്ന നിലക്ക് വലിയ പ്രവർത്തനങ്ങൾക്ക് അദ്ദേഹം പങ്കു വഹിച്ചിട്ടുണ്ട്. ഒരുപാട് പിന്തുടർച്ചക്കാരെ പൊതു സമൂഹത്തിന്റെ കാവൽക്കാരാക്കി മാറ്റിയാണ് ബാബു എം. പാലിശ്ശേരി എന്ന ധീര കമ്യൂണിസ്റ്റുകാരൻ നമ്മോട് വിട പറഞ്ഞത്. കുന്നംകുളത്തിന്റെ സത്വം ഉയർത്തിപിടിച്ചിരുന്ന പാലിശ്ശേരി എഴുത്തുകാരൻ സി.വി.ശ്രീരാമന്റെ രചനകളെ കുറിച്ച് മികച്ച പഠനം നടത്തുകയും നിരവധി വേദികളിൽ ശ്രീരാമന്റെ ആശയങ്ങളെ ഉയർത്തിക്കാട്ടുകയും ചെയ്ത വ്യക്തിത്വം കൂടിയായിരുന്നു പാലിശ്ശേരി.

-രാജൻ എലവത്തൂർ

കുന്നംകുളം: അന്തരിച്ച മുൻ എം എൽ എ ബാബു എം പാലിശ്ശേരി ക്ക് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കണ്ണുകൾ ദാനം ചെയ്തു

കുന്നംകുളം: അന്തരിച്ച കുന്നംകുളം മുൻ എംഎൽഎ ബാബു എംപാലിശ്ശേരിയുടെ കണ്ണുകൾ ദാനം ചെയ്തു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർമാരുടെ സംഘം യൂണിറ്റി ആശുപത്രിയിൽ എത്തിയാണ് കണ്ണുകൾ എടുത്തത്. ഉച്ചയ്ക്ക് ഒരു മണിക്കാണ് അദ്ദേഹത്തിന്റെ മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചത്. മരണശേഷം കണ്ണുകൾ ദാനം ചെയ്യണമെന്ന് അദ്ദേഹം നേരത്തെ തന്നെ തീരുമാനിച്ചിരുന്നു. സമ്മതം എല്ലാവരേയും അറിയിക്കുകയും ചെയ്തിരുന്നു.

നേത്രദാനത്തിന്റെ മഹാസന്ദേശം ഉയർത്തിയാണ് ഇത്തരമൊരു തീരുമാനം ഉണ്ടായത്. മെഡിക്കൽ സംഘം ഏകദേശം ഒരു മണിക്കൂറോളം എടുത്താണ് നേത്രദാനം പൂർത്തിയാക്കിയത്. തുടർന്ന് മൃതദേഹം പൊതുദർശനത്തിനായി കുന്നംകുളത്തെ സിപിഎം ആസ്ഥാനത്ത് എത്തിച്ചു.

അരിമ്പൂർ ഗ്രാമ പഞ്ചായത്തിൽ കോതകുളം സംരക്ഷണ പദ്ധതിക്ക് ആരംഭം

അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ ജലസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കോതകുളം സംരക്ഷണ പദ്ധതിക്ക് തുടക്കമായി. പദ്ധതി ഉദ്ഘാടനം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശശിധരൻ നിർവഹിച്ചു. അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്മിത അജയകുമാർ അധ്യക്ഷത വഹിച്ചു.

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ 72,53,728 രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്. 75 സെന്റ് സ്ഥലത്ത് കുളം വീണ്ടെടുത്ത് അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിലേക്കും സമീപപ്രദേശങ്ങളിലേക്കും കുടിവെള്ളമെത്തിക്കുന്നതാണ് പദ്ധതി.

അരിമ്പൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സി. ജി. സജീഷ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ സിന്ധു സഹദേവൻ, ശോഭാ ഷാജി, കെ കെ ഹരിദാസ് ബാബു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വി എൻ സുർജിത്, ജിമ്മി ചൂണ്ടൽ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥൻ, നാട്ടുകാർ എന്നിവർ പങ്കെടുത്തു.

ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് ഏ.സി.ബാംഗ്ലൂർ ബസ് അനുവദിച്ചു: മന്ത്രി ആർ.ബിന്ദു

ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ കെ.എസ്. ആർ.ടി.സി ഡിപ്പോക്ക് ഏ.സി ബസ് അനുവദിച്ചതായി ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ:ആർ. ബിന്ദു അറിയിച്ചു.

ഇരിങ്ങാലക്കുട നിയോജക മണ്ഡലം എം.എൽ.എ എന്ന നിലയിൽ മന്ത്രി ഡോ:ആർ.ബിന്ദു ആവശ്യപ്പെട്ടത് പ്രകാരം ഒക്ടോബർ 9 ന് തിരുവനന്തപുരത്ത് വെച്ച് ഗതാഗതവകുപ്പ് മന്ത്രി കെ.ബി.ഗണേഷ് കുമാറിന്റെ അധ്യക്ഷതയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇരിങ്ങാലക്കുട മണ്ഡലത്തിലേക്ക് കെ.എസ്.ആർ.ടി.സി ഡിപ്പോക്ക് ഏ.സി.ബാംഗ്ലൂർ ബസ് അനുവദിച്ചത് എന്ന് മന്ത്രി അറിയിച്ചു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ബാംഗ്ലൂർ സർവീസിനായാണ് അനുവദിച്ച ഏ.സി. ബസ് ഉപയോഗിക്കുക.

കൂടാതെ ഇരിങ്ങാലക്കുടയിൽ ബസ് ബേ-കം ഓഡിറ്റോറിയത്തിന്റെ നിർമ്മാണം, കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളിന്റെ ആരംഭം, ഇരിങ്ങാലക്കുട ഡിപ്പോയിലേക്ക് അനുവദിച്ച പുതിയ ബസ് സർവ്വീലേക്കുള്ള ഡ്രൈവർമാരുടെ നിയമനം തുടങ്ങി വിവിധ വിഷയങ്ങളിൽ അനുകൂല തീരുമാനങ്ങളായതായും ഇരിങ്ങാലക്കുട കെ. എസ്.ആർ.ടി.സി ഡിപ്പോയുടെ സമഗ്ര വികസനത്തിനായി കൃത്യമായ ഇടപെടൽ തുടരുമെന്നും മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളിൽ കെ.എസ്.ആർ.ടി.സി ക്ക് മുഖ്യപരിഗണനയാണ് സർക്കാർ നൽകിവരുന്നതെന്നും മന്ത്രി ഡോ.ആർ.ബിന്ദു പറഞ്ഞു.

അജ്ഞാത മൃതദേഹം

തൃശ്ശൂർ: വടൂക്കര രാജ ഗോവിന്ദ (65) എന്ന് പേര് മാത്രം അറിവായിട്ടുള്ള മാനസിക വെല്ലുവിളി നേരിടുന്നയാളെ നെടുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലെ വടൂക്കര എന്ന സ്ഥലത്ത് കാണപ്പെടുകയും തൃശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പിച്ച് ചികിത്സയിലിരിക്കേ 2025 ഒക്ടോബർ 12 ന് മരണപ്പെടുകയും ചെയ്തു.ഇയാളുടെ ബന്ധുക്കളെക്കുറിച്ച് എന്തെങ്കിലും വിവരം അറിയാവുന്നവർ തൃശൂർ ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ അറിയിക്കണം. ഫോൺ: 04872363608, 9497987131, 9497980560

നഗരത്തിൽ വൻലഹരി വേട്ട
എംഡിഎംഎയുമായി മലപ്പുറം പൊന്നാനി സ്വദേശി പോലീസ് പിടിയിൽ

പിടിച്ചെടുത്തത് പത്ത് ലക്ഷത്തോളം രൂപ വില വരുന്ന 110 ഗ്രാം എംഡിഎംഎ

ഇരിങ്ങാലക്കുട: മാരക ലഹരിയായ എംഡിഎംഎയുമായി പൊന്നാനി സ്വദേശി ഇരിങ്ങാലക്കുടയിൽ പിടിയിൽ. 110 ഗ്രാം എംഡിഎഎയുമായി മലപ്പുറം പൊന്നാനി മോയിന്റകത്ത് വീട്ടിൽ ഫിറോസാണ് (31) പോലീസ് പിടിയിലായത്. ഇരിങ്ങാലക്കുട പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരത്ത് നിന്നും പുലർച്ചെയാണ് പ്രതിയെ വിതരണത്തിനായുള്ള ലഹരിയുമായി പോലീസ് പിടികൂടുന്നത്. തൃശൂർ എസ്പിയുടെ കീഴിലുള്ള ഡാൻസാഫ് സംഘവും ഇരിങ്ങാലക്കുട റൂറൽ പോലീസും ചേർന്നാണ് പരിശോധന നടത്തിയത്. കോയമ്പത്തൂരിൽ നിന്നും ഇരിങ്ങാലക്കുടയിലേക്കുള്ള കെഎസ് ആർടിസി ബസിലാണ് പ്രതി വന്നിറങ്ങിയത്. ഇത് സംബന്ധിച്ച് രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് പോലീസ് സംഘങ്ങൾ കഴിഞ്ഞ ദിവസം രാത്രി മുതൽ സ്ഥലത്ത് ഉണ്ടായിരുന്നു. പത്ത് ലക്ഷത്തോളം രൂപ പിടിച്ചെടുത്ത മയക്കുമരുന്നിന് വില വരും. 2024 ൽ പൊന്നാനിയിൽ വച്ച് നടന്ന വാഹന പരിശോധനക്കിടയിൽ പോലീസ് ഇൻസ്പെക്ടറെ വാഹനവുമായി ഇടിച്ചിട്ട് രക്ഷപ്പെട്ട പത്തംഗ സംഘത്തിൽ ഉൾപ്പെട്ട പ്രതിയെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. കോണത്തുക്കുന്നിൽ വീട് വാടകക്ക് എടുത്ത് താമസിക്കുന്നതായി പ്രതി പോലീസിനോട് പറഞ്ഞു. സ്കൂൾ കോളജ് വിദ്യാർഥികൾക്ക് വിതരണം ചെയ്യുവാനാണ് രാസലഹരിയെന്ന് പ്രതി സമ്മതിച്ചു. പോലീസ് സംഘത്തിൽ കാട്ടൂർ സർക്കിൾ ഇൻസ്പെക്ടർ ഇ.ആർ. ബിജു, അന്തിക്കാട് എസ്ഐ എം. അഫ്സൽ, ഇരിങ്ങാലക്കുട അഡീഷണൽ എസ്ഐ മുഹമ്മദ് ബാഷി, ഇരിങ്ങാലക്കുട സീനിയർ സിപിഓ രഞ്ജിത്ത്, സിപിഓ സബിത്ത് സാബു, സി.എസ്. സുനിൽകുമാർ, തൃശൂർ റൂറൽ ജില്ലാ ഡാൻസാഫ് അംഗങ്ങളായ സബ് ഇൻസ്പെക്ടർ സി.ആർ. പ്രദീപ്, പി.പി. ജയകൃഷ്ണൻ, സതീശൻ മണപ്പാട്ടിൽ, ടി.ആർ. ഷൈൻ, പി.എം. മൂസ, ഐ.ആർ. ലിജു, സൂരജ് വി. ദേവ്, എ.യു. റെജി, എം.ജെ. ബിനു, സി.കെ. ബിജു, ഷിജോ തോമസ്, എം.വി. ശ്രീജിത്ത്, സൂരജ് സാഗർ എന്നിവരാണ് മൂന്ന് വാഹനങ്ങളിലായി എത്തിയ അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

എട്ട് ജില്ലകളിൽ യെല്ലോ അലർട്ട്

തൃശ്ശൂർ: കേന്ദ്ര കാലാവസ്ഥ വകുപ്പ് അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴ മുന്നറിയിപ്പുകൾ പുറപ്പെടുവിപ്പിച്ചു. ഇത് പ്രകാരം സംസ്ഥാനത്ത് ഇനി വരുന്ന ഒരാഴ്ച ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. ഇന്ന് സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലാണ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും ഒക്ടോബർ 16 നും 17 നും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലും മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

എളവള്ളി ഗ്രാമപഞ്ചായത്തിൽ വികസന സദസ്സ് സംഘടിപ്പിച്ചു

എളവള്ളി: ഗ്രാമപഞ്ചായത്തിൽ നടന്ന വികസന സദസ്സ് മുരളി പെരുനെല്ലി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയ മുന്നേറ്റങ്ങളും വികസനവും ജനങ്ങളിൽ എത്തിക്കുകയും ഭാവി വികസനത്തിനായുള്ള ആശയ സ്വരൂപീകരണവും സാധ്യമാക്കുകയാണ് വികസന സദസ്സിലൂടെ. എളവള്ളി ഗ്രാമപഞ്ചായത്തിനെ വികസന സദസ്സിൽ അതിദാരിദ്ര്യ മുക്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം വിട്ടു നൽകിയവരെ ചടങ്ങിൽ ആദരിച്ചു. പഞ്ചായത്തിന്റെ വികസന നേട്ടങ്ങളുടെ എക്സിബിഷനും കെ സ്മാർട്ട് ക്ലിനിക്കും വികസന സദസ്സിന്റെ ഭാഗമായി ഒരുക്കിയിരുന്നു.

ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിയോ ഫോക്സ് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ പി.ജി സുബിദാസ് സ്വാഗതവും കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ഷീല മുരളി നന്ദിയും പറഞ്ഞു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതി വേണുഗോപാൽ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു പ്രദീപ്, ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലീന ശ്രീകുമാർ, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ എൻ.ബി ജയ, ടി.സി മോഹനൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ബെന്നി ആന്റണി, ബ്ലോക്ക് മെമ്പർമാരായ ചെറുപുഷ്പം ജോണി, ശിൽപ ഷിജു, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീബിത ഷാജി, ഷാലി ചന്ദ്രശേഖരൻ, സുനിൽ കുന്നത്തുള്ളി, ജീന അശോകൻ, പി.എം അബു, ഗ്രാമപഞ്ചായത്ത് സെക്രട്ടറി തോമസ് അലിയാസ് രാജൻ, വികസന സദസ്സ് റിസോഴ്സ് പേഴ്സൺ സി.എസ് രശ്മി തുടങ്ങിയവർ പങ്കെടുത്തു.

ലൈബ്രറി കൗൺസിൽ അനുശോചിച്ചു

തൃശൂർ: ലൈബ്രറി കൗൺസിൽ മുൻ സംസ്ഥാന സമിതി അംഗം കൂടിയായിരുന്ന, മുൻ എം.എൽ. എ ബാബു എം. പാലിശ്ശേരിയുടെ നിര്യാണത്തിൽ കൗൺസിൽ തൃശൂർ ജില്ലാ കമ്മറ്റി അനുശോചിച്ചു. പ്രസിഡണ്ട് എം.ഹരിദാസ്, സെക്രട്ടറി എം.രാജേഷ് എന്നിവർ അന്ത്യാഞ്ജലി അർപ്പിച്ചു.

തൃശ്ശൂർ റവന്യൂ ജില്ലാ കായികമേള ഒക്ടോബർ 16, 17, 18 തിയതികളിൽ

തൃശ്ശൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേള ഒക്ടോബർ 16, 17, 18 തിയതികളിലായി കുന്നംകുളം ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ സീനിയർ ഗ്രൗണ്ടിൽ നടക്കുമെന്ന് എ. സി. മൊയ്തീൻ എം.എൽ.എ. വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സബ് ജൂനിയർ, ജൂനിയർ, സീനിയർ ആൺ-പെൺ വിഭാഗങ്ങളിലായി 98 ഇനങ്ങളിലാണ് കുട്ടി കായികതാരങ്ങൾ മത്സരത്തിനിറങ്ങുക. സീനിയർ ആൺ-പെൺ വിഭാഗങ്ങളിലായി രണ്ട് ക്രോസ് കൺട്രി മത്സരങ്ങൾ നടക്കും.

മൂന്ന് ദിവസങ്ങളിലായി 3,668 കുട്ടികളാണ് കായികോത്സവത്തിൽ പങ്കെടുക്കുക. ഒരു ദിവസം ഏകദേശം 1,500ഓളം താരങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കും. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉദ്യോഗസ്ഥർക്കും ഭക്ഷണം ഒരുക്കിയിട്ടുണ്ട്.

എ.സി. മൊയ്തീൻ എം.എൽ. എ. കായികമേള ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ ഉപഡയറക്ടർ പി. എം. ബാലകൃഷ്ണൻ പതാക ഉയർത്തും. നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ ചടങ്ങിന് അധ്യക്ഷത വഹിക്കും.

വാർത്താസമ്മേളനത്തിൽ കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എ. മൊയ്തീൻ, സ്കൂൾ പ്രിൻസിപ്പൽ എ. റസിയ, പ്രധാനാധ്യാപിക പി. ടി. ലില്ലി, പബ്ലിസിറ്റി കൺവീനർ പി. സി. വർഗീസ് മാഷ്, കായികാധ്യാപകൻ കെ. എം. ശ്രീനിഷ് എന്നിവർ പങ്കെടുത്തു.

പ്രതികൾ പിടിയിൽ

തൃശ്ശൂർ: അഞ്ചേരി ത്രിവേണി നഗറിൽ നാലുപേർക്ക് വെട്ടേറ്റ സംഭവത്തിൽ മൂന്നു പേർ ഒല്ലൂർ പോലീസിന്റെ പിടിയിൽ. സ്റ്റേഷൻ റൗഡികളായ നിജോ, സഹോദരന്മാരായ നെൽസൺ, നിക്സൺ എന്നിവരെയാണ് പോലീസ് പിടികൂടിയത്.

നിര്യാതയായി ഡോ. പി കെ ശ്രീദേവി

തൃശൂർ: എം.ജി.റോഡ് മണ്ണത്ത് ലൈൻ ഡോ: വി.കെ. ലക്ഷ്മണകുമാർ ഭാര്യ ഡോ: പി.കെ. ശ്രീദേവി(75) അന്തരിച്ചു.

ജീവിതോത്സവംസമാപിച്ചു

ഇരിങ്ങാലക്കുട: ആനന്ദപുരം ശ്രീകൃഷ്ണ ഹയർ സെക്കൻഡറി സ്കൂൾ എൻ എസ് എസ് യൂണിറ്റിന്റെ ജീവിതോത്സവം -2025 സമാപിച്ചു. പിടി